ഫാർമസി, നഴ്സിംഗ് മറ്റ് മെഡിക്കൽ കോഴ്സുകൾ

149 [5294] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ ഇപ്പോൾ ഏതെല്ലാം സ്ഥാപനങ്ങളിൽ ഫാർമസി, നഴ്സിംഗ് മറ്റ് മെഡിക്കൽ കോഴ്സുകൾ നടന്നു വരുന്നു;

(ബി) ഇതിൽ സർക്കാർ മേഖലയിൽ എത്ര; സഹകാര്യ മേഖലയിൽ എത്ര; സ്വാശ്രയ മേഖലയിൽ എത്ര; ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇവയിലെല്ലാം കൂടി എത്ര വിദ്യാർത്ഥികൾ ഇപ്പോൾ അദ്ധ്യയനം നടത്തുന്നു. ഇതിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർ എത്ര; മാനേജ്മെന്റ്, പിന്നോക്ക-പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം എന്നിവയിൽ നിന്നും അഡ്മിഷൻ ലഭിച്ചവർ എത്ര; ഇവർക്ക് ലഭിച്ച മാർക്ക് വിവരം തുടങ്ങിയവ അടങ്ങുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) ഈ സ്ഥാപനങ്ങൾ ഫാർമസി കൗൺസിൽ, ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിൽ, കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയവയുടെ നിബന്ധനകൾ പാലിക്കുന്നുണ്ടോ;

(ഇ) ഈ നിബന്ധനകൾ പ്രകാരം ഓരോ സ്ഥാപനത്തിലും വേണ്ട അദ്ധ്യാപക, അനദ്ധ്യാപകർ ഇപ്പോൾ എത്ര വീതമുണ്ട്; എത്ര തസ്തികകൾ കുറവ്, എത്ര കൂടുതൽ എന്നും വ്യക്തമാക്കാമോ;

(എഫ്) വേണ്ടത്ര അദ്ധ്യാപകരില്ലാത്തതുമൂലം വിദ്യാർത്ഥികൾക്ക് നടപ്പുവർഷം ക്ലാസ്സുകൾ നടക്കാത്തത് എവിടെയെല്ലാം; വിശദാംശം വ്യക്തമാക്കാമോ;

(ജി) സംസ്ഥാനത്ത് എവിടെയെല്ലാം സർക്കാർ അംഗീകാരമില്ലാതെ ഇത്തരം കോഴ്സുകൾ നടത്തുന്നുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ—ജി) പൂർണ്ണ വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാശ്രയ പാരാമെഡിക്കൽ കോളേജുകളിലെ ഫീസ് ഘടന

150 [5295] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
" എം. എ. ചന്ദ്രശേഖരൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2003 മേയ് 1-ാം തീയതി വരെ സംസ്ഥാനത്തുള്ള സ്വാശ്രയ പാരാമെഡിക്കൽ കോളേജുകളിൽ എത്ര പേർക്ക് പ്രവേശനം നൽകി; അതിൽ മെരിറ്റ് സീറ്റിന് എത്ര പേർക്കാണ് പ്രവേശനം കൊടുത്തത്; സംസ്ഥാനത്തുള്ള സ്വാശ്രയ പാരാമെഡിക്കൽ കോളേജുകളിലെ ഫീസ് ഘടന എന്തെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇതുവരെ ആർക്കും പ്രവേശനം നൽകിയിട്ടില്ല. ഫീസിന്റെ കാര്യത്തിൽ അന്തിമ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡി.എം. കോഴ്സ് നിർത്തലാക്കുന്ന നടപടി

151 [5296] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡി.എം. കോഴ്സ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ കോഴ്സ് നിർത്തലാക്കാൻ വകുപ്പ് തലവനോ ബന്ധപ്പെട്ട അധികൃതരോ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാം സർക്കാർ മേഖലയിൽ ഡി.എം., ബി.എം., കോഴ്സുകൾ നടത്തിവരുന്നുണ്ട്; എന്ന് മുതലാണ് ഈ കോഴ്സുകൾ ആരംഭിച്ചത്; എത്ര സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) ബി.എം., ഡി.എം. കോഴ്സുകൾക്ക് നിലവിലുള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഫാർമസി കൗൺസിലും എ.ഐ.സി.ടി. ഇ.-യും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; എന്തെല്ലാമാണ് അവരുടെ ശുപാർശകൾ എന്ന് പറയാമോ;

(ഇ) ഡി.എം. കോഴ്സ് നടത്തുന്ന സ്വകാര്യമേഖലകളിലെ ചൂഷണം തടയുന്നതിന് ഉപകാരപ്രദമായ സർക്കാർ കോഴ്സുകൾ നിർത്തുന്നതിന് നിർദ്ദേശം സമർപ്പിച്ചതിന്റെ അടിസ്ഥാനം അന്വേഷണ വിധേയമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെ ഫാർമസി വിഭാഗം തലവൻ ഇത്തരം ഒരാവശ്യം ഉന്നയിച്ചിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഫാർമസിയുടെ ഡിപ്ലോമയും ഡിഗ്രി കോഴ്സുകളും നടത്തുന്നുണ്ട്. ഡിഗ്രി കോഴ്സിന് വേണ്ടത്ര സൗകര്യങ്ങളും, സ്റ്റാഫും, ഡി.എം. കോഴ്സ് നിർത്തുകവഴി ലഭിക്കും എന്നത് കൊണ്ടാണ് ഇത്തരം ഒരു നിർദ്ദേശം വച്ചിരുന്നത്.

(സി) ബി.എം. കോഴ്സ് തിരുവനന്തപുരം മെഡിക്കൽ കോളേജിലും, കോഴിക്കോട് മെഡിക്കൽ കോളേജിലുമാണ് നടത്തുന്നത്. ഡി.എം. കോഴ്സ് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ നടത്തുന്നുണ്ട്. ഡി.എം. കോഴ്സ് കഴിഞ്ഞ 25 വർഷത്തിലേറെയായി നടത്തിവരുന്നു. ബി.എം. കോഴ്സ് തിരുവനന്തപുരത്ത് 1967-ലും കോഴിക്കോട് മെഡിക്കൽ കോളേജിൽ 2000-ലും ആണ് ആരംഭിച്ചത്. സീറ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly